വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സ്വകാര്യ മേഖലയിൽ 15 പോളിടെക്നിക്കുകൾ കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. മന്ത്രിസഭ ഈ കാര്യം വിശദമായി പരിശോധിച്ചതിനുശേഷമാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. ഇങ്ങനെ ഒരു തീരുമാനം എടുത്തത് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനം വളരെ പിന്നോക്കം നിൽക്കുന്നതുകൊണ്ടാണ്. ഈ വർഷം തന്നെ അപേക്ഷിച്ച വളരെ ചുരുക്കം കുട്ടികൾക്കേ പ്രവേശനംകൊടുക്കാൻ നമുക്കു സാധിച്ചുള്ളൂ. അതായത് ഏകദേശം പത്തുമുപ്പത്താറായിരത്തോളം അപേക്ഷകരിൽ കിട്ടിയതിൽ 2,792 കുട്ടികൾക്കു മാത്രമേ പ്രവേശനം കൊടുക്കാൻ സാധിച്ചുള്ളൂ. തെക്കേ ഇൻഡ്യയിലെ നാല് സ്റ്റേറ്റുകളുമായി നമ്മുടെ സ്റ്റേറ്റിനെ താരതമ്യപ്പെടുത്തി അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആന്ധ്രാ പ്രദേശിൽ ഇപ്പോൾ 49 പോളിടെക്നിക്കുകളുണ്ട്, 6200 കുട്ടികൾക്ക് പ്രവേശനം കൊടുക്കാൻ കഴിയുന്നു. തമിഴ്നാട്ടിൽ 68 പോളിടെക്നിക്കുകളുണ്ട്, പതിനായിരത്തിലേറെ കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയുന്നു. കർണ്ണാടക സ്റ്റേറ്റിൽ 64 പോളിടെക്നിക്കുകളുണ്ട്. 8840 കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയുന്നു. എന്നാൽ കേരളത്തിൽ ആകെയുള്ളത് 22 പോളിടെക്നിക്കുകളാണ്. നമുക്ക് പ്രവേശനം കൊടുക്കാൻ കഴിയുന്നത് 2792 കുട്ടികൾക്കാണ്. മറ്റ് സംസ്ഥാനങ്ങളിലും സ്വകാര്യമേഖലയിൽ കൂടുതൽ പോളിടെക്നിക്കുകൾ കൊടുത്തിട്ടുണ്ട്. ഇവിടെ കർക്കശമായ നിയന്ത്രണത്തോടുകൂടിയാണ് പോളിടെക്നിക് കൊടുത്തിരിക്കുന്നത്. ഇതുവരെ ഉണ്ടായിരുന്ന നിയമം എന്നു പറയുന്നത് പ്രൈവറ്റ് മേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുമ്പോൾ അതിന്റെ മൂലധന ചെലവിന്റെ 75 ശതമാനം സർക്കാർ വഹിക്കും 25 ശതമാനം മാനേജുമെന്റ് വഹിക്കും എന്നുള്ളതായിരുന്നു. എന്നാൽ ഇപ്പോൾ അനുവദിക്കുന്ന പോളിടെക്നിക്കുകളിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന നയം എന്നു പറയുന്നത് മൂലധനച്ചെലവിന്റെ 75 ശതമാനം മാനേജുമെന്റ് വഹിക്കും 25 ശതമാനം ഗവൺമെന്റ് വഹിക്കും എന്നുള്ളതാണ്. അതുപോലെ തന്നെ ആവർത്തന ചെലവിന്റെ കാര്യവും. ഇപ്പോൾ സ്വകാര്യ പോളിടെക്നിക്കുകൾക്കെല്ലാം ആവർത്തനച്ചെലവ് ഗവൺമെന്റ് തന്നെയാണ് കൊടുക്കുന്നത്. എന്നാൽ ഇപ്പോൾ ആവർത്തനച്ചെലവിന്റെ 75 ശതമാനം ഗവൺമെന്റും 25 ശതമാനം മാനേജുമെന്റും വഹിക്കണം എന്നാക്കി മാറ്റിയിട്ടുണ്ട്. അഡ്മിഷന്റെ കാര്യത്തിലാണെങ്കിൽ 75 ശതമാനവും മെറിറ്റ് അടിസ്ഥാനത്തിലെ നടത്താൻ പാടുള്ളൂ. ഡി. റ്റി. ഇ. കൊടുക്കുന്ന ലിസ്റ്റിൽനിന്നുമാത്രമേ കുട്ടികളെ പ്രവേശിപ്പിക്കാൻ പാടുള്ളൂ. ഇത്രമാത്രം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുമാത്രമാണ് ഗവൺമെന്റ് ഇത് ചെയ്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യത്തെ കരുതി മാത്രമാണിത്. അല്ലാതെ സ്വകാര്യമേഖലയെ അമിതമായി പ്രോൽസാഹിപ്പിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് സംസ്ഥാനത്തിന്റെ പൊതുവായ പുരോഗതി എന്നുള്ള നിലയിൽ ഈ സമീപനം സ്വീകരിച്ചതിൽ വിദ്യാർത്ഥികളും മറ്റുള്ളവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(vi) അട്ടപ്പാടി മേഖലയിലെ വരൾച്ച മൂലമുള്ള കെടുതിയും കാർഷിക തകർച്ചയും

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, നമ്മുടെ കേരളത്തിൽ വെള്ളപ്പൊക്കത്തിന്റെ കെടുതിയാണെങ്കിൽ അട്ടപ്പാടി മേഖലയിൽ വരൾച്ച

LIBRARY ARCHIVES Kerala Legislative Assembly

മൂലമുള്ള കെടുതിയും കാർഷിക തകർച്ചയുമാണ് നിലവിലുള്ളത്. കാർഷിക മേഖലയിൽ രണ്ടുകോടി രൂപയിലേറെ നഷ്ടം ഉണ്ടായിട്ടുണ്ട്. അട്ടപ്പാടി, അഗളി, പാടവയൽ, പുത്തൂർ എന്നീ വില്ലേജുകളും പൂർണ്ണമായും കോട്ടത്തറ, ഷോളയൂർ എന്നീ വില്ലേജുകളും ഭാഗികമായും വരൾച്ചയുടെ കെടുതിയിൽ പെട്ട് അങ്ങേയറ്റം തകർന്നിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയച്ചിരുന്ന നിലക്കടല, ചോളം, റാഗി, പരുത്തി ഇതെല്ലാം തകർന്നുപോയി, ഒന്നും കയറ്റി അയയ്ക്കുന്നില്ല. 200 ലോഡ് നിലക്കടല പ്രതിവർഷം കയറ്റി അയച്ചിരുന്നുവെങ്കിൽ ഇക്കൊല്ലം തീരെ അത് നടന്നില്ല. 150 ലോഡ് ചോളമാണ് എല്ലാ വർഷവും കയറ്റിയയച്ചിരുന്നതെങ്കിൽ അതും നിലച്ചിരിക്കുകയാണ്. നൂറുകണക്കിന് ലോറിയിൽ റാഗിയും പരുത്തിയും കയറ്റിയയച്ചിരുന്നതിന്റെ സ്ഥിതിയും ഇതിൽ നിന്ന് വ്യത്യസ്തമല്ല. ഒന്നാംതരം കന്നുകാലി വളർത്തൽ പ്രദേശങ്ങളിൽ ഇന്ന് കന്നുകാലികളില്ല. മേനി കൊഴുപ്പുള്ള കാലികളെല്ലാം ശോഷിച്ച് ജീവിക്കാൻ നിവൃത്തിയില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് ആദിവാസികളും ചെറുകിട കൃഷിക്കാരും താമസിക്കുന്ന അട്ടപ്പാടി പിന്നോക്ക പ്രദേശങ്ങളിൽ വരൾച്ചയുടെ ഫലമായി കോടിക്കണക്കിന് രൂപയുടെ നഷ്ടങ്ങളും തകർച്ചയും വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവിടം സന്ദർശിക്കുമെന്നു പറഞ്ഞത് റദ്ദാക്കിയെന്നുള്ള ഒരു വാർത്ത ഉണ്ട്. വസ്തുത എനിക്ക് അറിയില്ല. പ്രധാനമന്ത്രി അവിടം സന്ദർശിക്കുന്നതാണ് നല്ലത്, കാരണം, അവർക്ക് ചില സഹായങ്ങൾ കിട്ടുമല്ലോ. അട്ടപ്പാടിയിലെ ആദിവാസികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ കുടിക്കാനുള്ള വെള്ളം കിട്ടുന്നില്ല. കഴിഞ്ഞ കുറെ മാസങ്ങളായിട്ട് രണ്ടു കോടി രൂപയുടെ കൃഷിനാശം ഉണ്ടായിരിക്കുകയാണ്. നാൽക്കാലികൾക്ക് ക്ഷേണമില്ല. കാർഷികവിളകൾക്ക് തകർച്ചയുണ്ടായി. അട്ടപ്പാടിയിലേയും മറ്റു പ്രദേശങ്ങളിലേയും ആദിവാസികളേയും ചെറുകിട കൃഷിക്കാരേയും പാവപ്പെട്ടവരേയും രക്ഷിക്കുന്നതിന് ത്വരിതമായി നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വരൾച്ചയുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു. അട്ടപ്പാടിയിൽ വരൾച്ച അത്രമാത്രം രൂക്ഷമാണെന്നുള്ള റിപ്പോർട്ട് ഒന്നും കിട്ടിയിട്ടില്ല. വരൾച്ചയും അതിനോടനുബന്ധിച്ചുള്ള കാർഷിക നഷ്ടങ്ങളെ സംബന്ധിച്ചുള്ളതൊക്കെ എന്റെ പരിധിയിൽ പെടുന്നതല്ല. ആവശ്യമാണെങ്കിൽ അതിനെക്കുറിച്ച് റവന്യൂ മന്ത്രി മറുപടി പറയും. കുടിവെള്ളത്തിന്റെ കാര്യം പ്രതിപക്ഷനേതാവ് പറഞ്ഞു. അദ്ദേഹം തന്ന മൂന്നു സബ്മിഷനിൽ പ്രധാനം വരൾച്ചയാണെങ്കിലും, കുടിവെള്ളത്തെക്കുറിച്ച് ഒരു വാക്ക് അതിൽ പറഞ്ഞതുകൊണ്ടും ഇപ്പോഴും ഇവിടെ സബ്മിഷനിൽ കുടിവെള്ളത്തെക്കുറിച്ച് പറഞ്ഞതുകൊണ്ടും ഞാൻ അതിന് മറുപടി പറയാം. ഷോളയൂർ, അഗളി, പുതൂർ എന്നീ മൂന്നു പഞ്ചായത്തുകളാണ് അട്ടപ്പാടിയിലുള്ളത്. അവിടെ അനവധി ഹരിജൻ-ഗിരിജൻ കുടുംബങ്ങളും താമസിക്കുന്നുണ്ട്. അവിടെ കുടിവെള്ളത്തിന്റെ കാര്യം വളരെ മോശമായ സ്ഥിതിയിലായിരുന്നു പഴയ കാലങ്ങളിൽ. എന്നാൽ കുടിവെള്ളത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് പല നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. ആ നടപടികളുടെ ഭാഗമായി ഷോളയൂർ പഞ്ചായത്തിൽ കോട്ടത്തറ, ആനക്കട്ടി ശുദ്ധജല വിതരണ പദ്ധതി വയലൂർ ഹരിജൻ-ഗിരിജൻ സെറ്റിൽമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്കീം എന്നീ പ്രധാനപ്പെട്ട മൂന്നു പദ്ധതികളാണുള്ളത്. ഇതിൽ ഷോളയൂർ പദ്ധതിയിൽനിന്നും ആഗ്മെന്റേഷൻ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മിക്കവാറും ഒന്നുരണ്ട് മാസങ്ങൾകൊണ്ട് അത് പൂർത്തീകരിക്കും. അഗളി പഞ്ചായത്തിൽ അഗളി വാട്ടർ സപ്ലൈ സ്കീം ഉണ്ട്. അതുപോലെതന്നെ ഇപ്പോൾ വെള്ളമാലി, നായ്ക്കരപ്പടി, നെല്ലിപ്പതി തുടങ്ങിയ ഏഴ് സെറ്റിൽമെന്റിലേയ്ക്ക് എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. രണ്ടുമാസംകൊണ്ട് പൂർത്തീകരിക്കുന്നതാണ്. പുത്തൂർ പഞ്ചായത്തിൽ ഇതുപോലുള്ള ചില എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അത് ആയി വരുമ്പോൾ വെള്ളം കിട്ടുമല്ലോ. പഴയ കാലങ്ങളിൽ ഇതൊന്നും നോക്കിയിരുന്നില്ല. അന്ന് വെള്ളം കിട്ടിയോ ഇല്ലയോ എന്ന് ചോദിക്കാനും ആളില്ല. നടപടിയെടുക്കാനും ആളുണ്ടായിരുന്നില്ല, ഇന്നതല്ല. ഇതിനെല്ലാം പുറമെ അട്ടപ്പാടിയിൽ ഈ വർഷംതന്നെ ആകെ 24 ട്യൂബ് വെല്ലിൽ 18 എണ്ണം കുഴിച്ചുകഴിഞ്ഞു. അതിൽനിന്ന് ശുദ്ധജലം ലഭിച്ചുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള കുഴൽ കിണറുകളും കുഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുറെയെല്ലാം കാര്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളത് രണ്ടുമൂന്നു മാസംകൊണ്ട് പരിഹരിക്കാൻ കഴിയും.

V. മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

(1) 1985 മേയ് 7-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 183/85/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 342/85) ഉം 1985 ജൂൺ 25-ാം തീയതിയിലെ തിരുത്ത് വിജ്ഞാപനം നമ്പർ 66479/എസ്. സി. 1/85/ജി. എ. ഡി.

(2) ശ്രീ കൂടൽമാണിക്യം ദേവസ്വത്തിന്റെ 1984-ലെ ഭരണ റിപ്പോർട്ട്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1984 നവംബർ 28-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 259/84/പൊതുവിദ്യാഭ്യാസം (എസ്. ആർ. ഒ. നമ്പർ 863/85).

(2) കോഴിക്കോട് സർവ്വകലാശാലയുടെ 1983-84 ലേക്കുള്ള വാർഷിക കണക്കും 1983-84 ലേക്കുള്ള ഓഡിറ്റ് റിപ്പോർട്ടും അതിൻ മേലുള്ള സിൻഡിക്കേറ്റിന്റെ അഭിപ്രായപ്രകടനവും.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

(1) 1985 മേയ് 10-ാം തീയതിയിലെ ജി. ഒ. എം. എസ്. നമ്പർ 44/85/ടി. ഡി, (എസ്. ആർ. ഒ. നമ്പർ 63085).

LIBRARY ARCHIVES Kerala Legislative Assembly